19

00975

THE DIRECTOR OF SOCIAL JUSTICE
13 JAN 2017

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തങ്ങൾ സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

=================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം.546/2016/സാനീവ — തിരുവനന്തപുരം , തീയതി. 23..11..2016.

=================================================================

പരാമർശം: 1) സാമൂഹ്യ നീതി ഡയറക്ടറുടെ 04.10.2016-ലെ G4-33640/16 നമ്പർ കത്ത്.

2) 5.10.2016-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക കൃത്രിമ ദന്തങ്ങൾ വെയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി "മന്ദഹാസം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കാവുന്നതാണെന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിന് 77 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ഈ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-60-200-83-(പി) ശീർഷകത്തിൽ വയോജനസംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് അനുവദിയ്ക്കണമെന്നും പരാമർശം 1 പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചു. പ്രസ്തുത ശുപാർശ 5.10.2016-ൽ കൂടിയ സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തങ്ങൾ വെയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി "മന്ദഹാസം" എന്ന പേരിൽ അനുബന്ധത്തിലുള്ള പദ്ധതി ആരംഭിക്കുന്നതിന് [redacted]ണാനുമതി നൽകാവുന്നതും ഈ പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ 77,00,000/- (എഴുപത്തിയേ[redacted] രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ വയോജന സംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷാജഹാൻ

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ)) കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ